compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഡിസംബർ 09
**Tuesday, 09th December 2025**

1201 വൃശ്ചികം 23
**23rd Vrischikam 1201**

1947 അഗ്രഹായനം 18
**18th Agrahayana 1947**

വാല്യം 14
**Vol. XIV**

നമ്പർ / **No.** **49**

## Part III

# Fisheries and Ports Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

(1)

നമ്പർ DDFKZD/427/2024-C2. 2025 നവംബർ 27.

കോഴിക്കോട് ജില്ല, കൊയിലാണ്ടി താലൂക്ക്, ചേമഞ്ചേരി വില്ലേജ്, വെങ്ങളം ദേശത്ത് റീ സർവ്വെ നമ്പർ 162/5-ൽപ്പെട്ട സൗത്ത് ഓഫ് പുളിക്കൂൽ കടവ് കോരപ്പുഴയിൽ സ്ഥിതി ചെയ്യുന്ന രജിസ്റ്റർ നമ്പർ 72/2014 ഊന്നിവല ശ്രീമതി സരസു, കെ., D/o രാമൻ, കുളൂർ ഹൗസ്, പി. ഒ. തിരുവങ്ങൂർ, ചേമഞ്ചേരി എന്ന വ്യക്തിക്ക് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുള്ളതാണ്.

31-10-2022-ന് ശ്രീമതി സരസു, കെ., D/o രാമൻ, കുളൂർ ഹൗസ്, പി. ഒ. തിരുവങ്ങൂർ, ചേമഞ്ചേരി എന്നവർ മരണപ്പെട്ടതിനെ തുടർന്ന് 72/2014 രജിസ്റ്റർ നമ്പരുള്ള ഊന്നിവലയുടെ ഉടമസ്ഥാവകാശം ശ്രീമതി സരസു, കെ., D/o രാമൻ, കുളൂർ ഹൗസ്, പി. ഒ. തിരുവങ്ങൂർ, ചേമഞ്ചേരി എന്നവരുടെ മകളും ശ്രീ. കുഞ്ഞിരാമൻ എന്നിവരുടെ ഭാര്യയുമായ ശ്രീമതി ഇന്ദിര, കെ. എന്നവരുടെ മകനും മത്സ്യത്തൊഴിലാളിയുമായ ശ്രീ. നവീൻ സാമന്ത്, കെ. ടി., നന്ദനം, കാവും താഴെ കുനിയിൽ, തിരുവങ്ങൂർ പി. ഒ., കൊയിലാണ്ടി, കോഴിക്കോട് എന്നയാൾക്ക് കൈമാറ്റം ചെയ്യുന്നതിനായുള്ള നിരാക്ഷേപ പത്രത്തിനായി ഈ ഓഫീസിൽ അപേക്ഷിക്കുകയും ഈ ഓഫീസിലെ 20-8-2025 തീയതിയിൽ പ്രസ്തുത ജമമാറ്റത്തിന് നിരാക്ഷേപ പത്രം ശ്രീ. നവീൻ സാമന്ത്, കെ. ടി., നന്ദനം, കാവും താഴെ കുനിയിൽ, തിരുവങ്ങൂർ പി. ഒ., കൊയിലാണ്ടി, കോഴിക്കോട് എന്നയാൾക്ക് അനുവദിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ചേമഞ്ചേരി സബ്ബ് രജിസ്ട്രാർ ആഫീസ് 2025-ലെ ഒന്നാം നമ്പർ പുസ്തകം 903 വാല്യം 203 മുതൽ 210 വരെ വശങ്ങളിൽ 1718-ാം നമ്പർ സെറ്റിൽമെന്റ് ആധാരം പ്രകാരം പ്രസ്തുത ഊന്നിവലയുടെ ഉടമസ്ഥാവകാശം ശ്രീ. നവീൻ സാമന്ത്, കെ. ടി., നന്ദനം, കാവും താഴെ കുനിയിൽ, തിരുവങ്ങൂർ പി. ഒ., കൊയിലാണ്ടി, കോഴിക്കോട് എന്നയാൾക്ക് കൈമാറ്റം ചെയ്ത് നൽകിയിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ പ്രസ്തുത ഊന്നിവല ശ്രീ. നവീൻ സാമന്ത്, കെ. ടി., നന്ദനം, കാവും താഴെ കുനിയിൽ, തിരുവങ്ങൂർ പി. ഒ., കൊയിലാണ്ടി, കോഴിക്കോട് എന്നയാളുടെ പേരിലേക്ക് ജമമാറി അനുവദിച്ച് ഉത്തരവാകുന്നതിൽ ആർക്കെങ്കിലും ന്യായമായ പരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം കേരള ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ 2 മാസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. പരാതികൾ ഒന്നും തന്നെ ലഭിക്കാത്ത സാഹചര്യത്തിൽ ടി ഊന്നിവലയുടെ ഉടമസ്ഥാവകാശം അപേക്ഷകനായ ശ്രീ. നവീൻ സാമന്ത്, കെ. ടി., നന്ദനം, കാവും താഴെ കുനിയിൽ, തിരുവങ്ങൂർ പി. ഒ., കൊയിലാണ്ടി, കോഴിക്കോട് എന്നയാളുടെ പേരിലേക്ക് ജമമാറി അനുവദിച്ച് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2)

നമ്പർ DDFKZD/874/2024-C2. 2025 നവംബർ 14.

കോഴിക്കോട് ജില്ല, കൊയിലാണ്ടി താലൂക്ക്, ചേമഞ്ചേരി വില്ലേജ്, വെങ്ങളം ദേശത്ത് റീ സർവ്വെ നമ്പർ 1-ൽപ്പെട്ട നോർത്ത് ഓഫ് അഴിമുഖം കോരപ്പുഴയിൽ സ്ഥിതി ചെയ്യുന്ന രജിസ്റ്റർ നമ്പർ 07/2014 ഊന്നിവല താഴെ വിളക്കുമാടംകുനി കൃഷ്ണൻ എന്ന വ്യക്തിക്ക് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുള്ളതാണ്.

07/2014 രജിസ്റ്റർ നമ്പരുള്ള ഊന്നിവലയുടെ ഉടമസ്ഥാവകാശം താഴെ വിളക്കുമഠത്തിൽ കൃഷ്ണൻ എന്നയാൾ മരണപ്പെട്ടതിനെ തുടർന്ന് ഭാര്യ ശ്രീമതി ലീല, താഴെ വിളക്കുമാടംകുനി എന്നവർക്ക് കോഴിക്കോട് ഫിഷറീസ് വകുപ്പിൽ നിന്നും സി1/374/21 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. എന്നാൽ ടിയാൻ 13-7-2021 തീയതിയിൽ മരണപ്പെട്ടതിനെ തുടർന്ന് മകനും മത്സ്യത്തൊഴിലാളിയുമായ ശ്രീ. ബിജു, ടി. വി., താഴെ വിളക്കുമഠത്തിൽ, കോരപ്പുഴ, കോഴിക്കോട് എന്നയാൾക്ക് കൈമാറ്റം ചെയ്യുന്നതിനായുള്ള നിരാക്ഷേപ പത്രത്തിനായി ഈ ഓഫീസിൽ അപേക്ഷിക്കുകയും ഈ ഓഫീസിലെ 8-2-2025 തീയതിയിൽ പ്രസ്തുത ജമമാറ്റത്തിന് നിരാക്ഷേപ പത്രം ശ്രീ. ബിജു, ടി. വി., താഴെ വിളക്കുമഠത്തിൽ, കോരപ്പുഴ, വെങ്ങളം, കോഴിക്കോട് എന്നയാൾക്ക് അനുവദിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ചേമഞ്ചേരി സബ്ബ് രജിസ്ട്രാർ ആഫീസ് 2025-ലെ ഒന്നാം നമ്പർ പുസ്തകം 900 വാല്യം 45 മുതൽ 54 വരെ വശങ്ങളിൽ 1662-ാം നമ്പർ കൂട്ടവകാശം ഒഴിമുറി ആധാരം പ്രകാരം പ്രസ്തുത ഊന്നിവലയുടെ ഉടമസ്ഥാവകാശം ശ്രീ. ബിജു, ടി. വി., താഴെ വിളക്കുമഠത്തിൽ, കോരപ്പുഴ, വെങ്ങളം, കോഴിക്കോട് എന്നയാൾക്ക് കൈമാറ്റം ചെയ്ത് നൽകിയിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ പ്രസ്തുത ഊന്നിവല ശ്രീ. ബിജു, ടി. വി., താഴെ വിളക്കുമഠത്തിൽ, കോരപ്പുഴ, വെങ്ങളം, കോഴിക്കോട് എന്നയാളുടെ പേരിലേക്ക് ജമമാറി അനുവദിച്ച് ഉത്തരവാകുന്നതിൽ ആർക്കെങ്കിലും ന്യായമായ പരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം കേരള ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ 2 മാസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. പരാതികൾ ഒന്നും തന്നെ ലഭിക്കാത്ത സാഹചര്യത്തിൽ ടി ഊന്നിവലയുടെ രജിസ്ട്രേഷന് അപേക്ഷകനായ ശ്രീ. ബിജു, ടി. വി., താഴെ വിളക്കുമഠത്തിൽ, കോരപ്പുഴ, വെങ്ങളം, കോഴിക്കോട് എന്നയാളുടെ പേരിലേക്ക് ജമമാറി അനുവദിച്ച് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
കോഴിക്കോട്. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ദക്ഷിണമേഖല) തിരുവനന്തപുരത്തിന്റെ നടപടിക്രമം

(ഹാജർ. ശ്രീമതി അമ്പിളി, ആർ.)

നമ്പർ JDFTVM/123/2025-F3. 2025 ഒക്ടോബർ 28.

വിഷയം:—ഫിഷറീസ്—സഹകരണം—കൊച്ചുതോപ്പ് ശംഖുമുഖം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം എഫ് (റ്റി)-36—സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) ഫിഷറീസ് ഡെവലപ്പ്മെന്റ് ഓഫീസർ, തിരുവനന്തപുരം (H. Q.)-ന്റെ 2-5-2025-ലെ FDO (H. Q.)TVM/2024 നമ്പർ കത്ത്.

(2) ഈ ഓഫീസിലെ 14-8-2025-ലെ JDFTVM/123/2025-F3 നമ്പർ സഹകരണ വകുപ്പ് 71 പ്രകാരമുള്ള നോട്ടീസ്.

2009-ൽ ശ്രീ. ഫ്രാൻസിസ് റോസാരിയോ പ്രസിഡന്റ് ആയി പ്രവർത്തനം ആരംഭിച്ച കൊച്ചുതോപ്പ് ശംഖുമുഖം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം എഫ് റ്റി-36, 2011-ൽ പ്രവർത്തന രഹിതമാകുകയും സംഘം പ്രസിഡന്റ് ആയിരുന്ന ശ്രീ. ഫ്രാൻസിസ് റോസാരിയോ മരണപ്പെട്ടതായും തുടർന്ന് സംഘത്തിന്റെ കുറച്ചു രേഖകൾ ശ്രീമതി ജോളി എന്നയാളിന്റെ കൈവശം ഉള്ളതായി അറിയാൻ കഴിഞ്ഞു. എങ്കിലും അയാളും മരണപ്പെട്ടതായും ടി സംഘത്തിന്റെ രേഖകൾ ഒന്നും തന്നെ ലഭ്യമല്ലായെന്നും ടി സംഘത്തിന്റെ പേരിൽ യാതൊരുവിധ പ്രവർത്തനങ്ങളും നടത്തുന്നതായി അറിവില്ലായെന്നും മേൽ കാരണങ്ങളാൽ സംഘത്തിന്റെ പ്രവർത്തനത്തെ സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് യൂണിറ്റ് ഇൻസ്പെക്ടറായ ഫിഷറി ഡെവലപ്പ്മെന്റ് ഓഫീസർ (എച്ച്.ക്യൂ.) തിരുവനന്തപുരം പരാമർശം (1) പ്രകാരം ശുപാർശ ചെയ്തതിനെ തുടർന്ന് കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 71 പ്രകാരം ടി സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് മുന്നോടിയായിട്ടുള്ള നോട്ടീസ് പരാമർശം (2) പ്രകാരം നൽകിയിരുന്നു. ടി സംഘത്തിന് മത്സ്യഫെഡിൽ ₹ 2,92,957-യുടെ ബാധ്യത നിലനിൽക്കുന്നതായും അത് ഈടാക്കുന്നതിന് ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുള്ളതായും മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടി സംഘത്തിന്റെ സമാപ്തീകരണവുമായി ബന്ധപ്പെട്ട് മറ്റു യാതൊരു വിധ ആക്ഷേപങ്ങളോ തടസ്സവാദങ്ങളോ ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ സംഘം ഈ അവസ്ഥയിൽ നിലനിർത്തുന്നത് കൊണ്ട് സംഘാംഗങ്ങൾക്ക് യാതൊരു പ്രയോജനവുമില്ലെന്നും സംഘം പ്രവർത്തനം പൂർണമായും നിലച്ചുപോയിരിക്കുന്നു എന്നും ബോധ്യമായിരിക്കുന്നതിനാൽ ടി സംഘത്തിനെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 71 (1) പ്രകാരം സമാപ്തീകരിച്ചു കൊണ്ടും ഫിഷറി ഡെവലപ്പമെന്റ് ഓഫീസർ (എച്ച്. ക്യൂ.) തിരുവനന്തപുരത്തിനെ ലിക്വിഡേറ്റർ ആയി നിയമിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ അടിയന്തിരമായി സംഘത്തിന്റെ ചുമതല ഏറ്റെടുക്കേണ്ടതും ഉത്തരവ് തീയതി മുതൽ രണ്ട് മാസത്തിനുശേഷം അന്തിമ സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

(ഒപ്പ്)
ഫിഷറീസ് ജോയിന്റ് ഡയറക്ടർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.08 04:24:05 +05:30